# കടലാമ സംരക്ഷണത്തിന് ഭീഷണിയായി ടൂറിസം റിസോർട്ട്

പി.വി. സുധീർകുമാർ

**കേരള മുഖ്യമന്ത്രി, വനംവകുപ്പുമന്ത്രി, കാസർകോട് ജില്ലാ കളക്ടർ, കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തുടങ്ങിയവർക്ക് അയച്ചുകൊടുത്ത പരാതിയുടെ പകർപ്പാണിത്. കടലും തീരവും ജീവനും രക്ഷിക്കാനുള്ള ഈ പ്രതികരണത്തിൽ പങ്കുചേരുമല്ലോ.**

സർ,

**വിഷയം** (1) തൈക്കടപ്പുറത്ത് വനം വന്യജീവി വകുപ്പിന്റെ സഹകരണത്തോടെയുള്ള കടലാമ സംരക്ഷണത്തിന് ഭീഷണി ഉയർത്തുന്ന ടൂറിസം റിസോർട്ടിന്റെ നിർമ്മാണത്തെ സംബന്ധിച്ച്

(2) ടൂറിസത്തിന് വേണ്ടി തീരദേശത്ത് നടക്കുന്ന സ്ഥലമെടുപ്പ് സംബന്ധിച്ച്

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭ, അജാനൂർ, നീലേശ്വരം, പടന്ന പഞ്ചായത്തുകളിലെ തീരമേഖലകളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പരിസ്ഥിതി സംഘടനയാണ് നെയ്തൽ. കഴിഞ്ഞ നാല് വർഷക്കാലമായി ഈ തീരമേഖലകൾ കേന്ദ്രീകരിച്ച് കടലാമ സംരക്ഷണ പ്രവർത്തനങ്ങൾ ഞങ്ങൾ നടത്തിവരികയാണ്. വനംവന്യജീവി വകുപ്പിന്റെ സഹകരണത്തോടും, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) പ്രത്യേക അനുമതിയോടും കൂടിയാണ് ഞങ്ങൾ ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

കേരളത്തിൽ കോഴിക്കോട് ജില്ലയിലെ കൊളാവിപാലത്തും, കാസർഗോഡ് ജില്ലയിൽ നീലേശ്വരം തൈക്കടപ്പുറത്തുമാണ് ഇത്തരത്തിലുള്ള ജനകീയ കടലാമ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

സംസ്ഥാന ദേശീയ തലത്തിലുള്ള ഒട്ടേറെ ഗവേഷകരും ഗവേഷണ സ്ഥാപനങ്ങളും ഈ പ്രവർത്തനങ്ങൾ തുടരേണ്ടുന്നതിന്റെ പ്രാധാന്യം എടുത്തുപറയുന്നുമുണ്ട്. ആഗസ്ത് മുതൽ മാർച്ച് വരെയുള്ള കാലയളവിൽ പടന്ന, നീലേശ്വരം, അജാനൂർ ഗ്രാമപഞ്ചായത്തുകളുടെയും, കാഞ്ഞങ്ങാട് നഗരസഭയുടേയും കടൽതീരം നിരീക്ഷിച്ച് കടലാമ മുട്ടകൾ ശേഖരിച്ച് തൈക്കടപ്പുറത്ത് വനം വന്യജീവി വകുപ്പ് നിർമ്മിച്ച ഹാച്ചറിയിൽ വെച്ച് മുട്ടകളെ വിരിയിച്ച് കടലിൽ വിടുന്നു. പരിസ്ഥിതി പ്രവർത്തനത്തിന് കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന എൻവയോൺമെന്റ് മോണിറ്ററിങ്ങ് ഫോറം വർഷന്തോറും ഏർപ്പെടുത്തുന്ന പി.വി. തമ്പി മെമ്മോറിയൽ എന്റോവ്മെന്റ് അവാർഡ് 2004 ൽ നെയ്തലിന്റെ കടലാമ സംരക്ഷണങ്ങൾക്കായിരുന്നു.

കേരളത്തിൽ ഒലീവ് റെഡ്‌ലി വിഭാഗത്തിൽപ്പെട്ട കടലാമകൾ പ്രജനനത്തിനായുള്ള ഒരു സ്വസ്ഥ തീരമായത് കൊണ്ടുകൂടിയാണ്, കാസർഗോഡ് ജില്ലയിലെ ഈ തീരമേഖലകളിൽ മുട്ടയിടാൻ എത്തുന്നത്. 2005 ആഗസ്ത് 24ന് ഞങ്ങൾ കണ്ടെത്തിയ ഒരു കൂട് ദക്ഷിണേന്ത്യൻ തീരത്തെ സംബന്ധിച്ചിടത്തോളം റിക്കോഡ് ആയിരുന്നു. ആഗസ്ത് മാസത്തിൽ ഒലീവ് റെഡ്‌ലി കടലാമകൾ മുട്ടയിട്ടതായി ഇതിന് മുമ്പ് രേഖപ്പെടുത്തിയിട്ടില്ലായെന്ന് സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിരുന്നു.

വംശനാശ ഭീഷണി നേരിടുന്ന ഒലിവ് റെഡ്‌ലി കടലാമകളെ ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ ഒന്നിലാണ് പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് തന്നെ ഇതിന്റെ സംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നു.

ഈവർഷം ഓഗസ്ത് മുതൽ ഇതുവരെയായി 18 കൂടുകളിൽ നിന്നായി 2200 ഓളം മുട്ടകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ രണ്ട് കൂടുകളിൽ നിന്നായി 193 കുഞ്ഞുങ്ങൾ വിരിഞ്ഞു. ഇത് കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ നെയ്തൽ പ്രവർത്തകരും നാട്ടുകാരും 2006 ഡിസംബർ 9ന് കടലിലേക്ക് ഇറക്കിവിട്ടു.

എന്നാൽ ഈ തീരത്തിന്റെ സ്വസ്ഥതയും ശാന്തതയും നശിപ്പിക്കുന്ന തരത്തിൽ ഇവിടെ പുത്തൻ സ്വകാര്യ ടൂറിസം പദ്ധതികൾക്ക് വേണ്ടി വൻകിട റിസോർട്ടുകളും കെട്ടിടങ്ങളും നിർമ്മാണം ആരംഭിച്ചിരിക്കുന്നു. കടലാമകളുടെ പ്രജനനത്തിന് ഭീഷണിയാവുന്ന തരത്തിലാണ് ഈ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

കടൽതീരത്തിന് തൊട്ടുരുമ്മി നിർമ്മിക്കുന്ന ഈ കെട്ടിട സമുച്ചയം ഇവിടുത്തെ സ്ഥൂല സൂക്ഷ്മ പരിസ്ഥിതിയെ സാരമായി ബാധിക്കുന്നതാണ്.

സി.ആർ.സെഡിൽപ്പെടുന്ന നഗരസഭ തീരത്ത് നിലവിലുള്ള കെട്ടിടങ്ങളുടെ കരഭാഗത്ത് നിർമ്മാണം ആവാമെന്ന വ്യവസ്ഥകളുടെ മറവിൽ കടലിനോട് അടുത്തായി ഏക്കർ കണക്കിന് ഭൂമി സ്വകാര്യ ടൂറിസം കുത്തകൾ കൈയ്യടക്കി കഴിഞ്ഞു.

## കടലാമ പരിസ്ഥിതി ക്യാമ്പ്

നാലുവർഷമായി കടലാമ സംരക്ഷണം നടത്തിവരുന്ന നീലേശ്വരം തൈക്കടപ്പുറത്തെ നെയ്തൽ കൂട്ടായ്മ ജനുവരി 27, 28 തിയ്യതികളിൽ നടത്തുന്ന സഹവാസ ക്യാമ്പിലേക്ക് കേരളീയം വായനക്കാരെ ക്ഷണിക്കുന്നു. കടൽ, പുഴ, തീരഅഴിമുഖം, കടലോര വിനോദസഞ്ചാരം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചയുണ്ടാകും. ഡോ. സതീഷ് ചന്ദ്രൻ, ശാന്തി തുടങ്ങിയവർ പങ്കെടുക്കും.

ബന്ധപ്പെടാൻ 9847902798, 9847284061

നെയ്തൽ ഏറ്റവും കൂടുതൽ കടലാമ മുട്ടകൾ ശേഖരിക്കുന്ന പുഞ്ചാവി പൊഴിക്ക് അടുത്താണ് ഇപ്പോൾ റിസോർട്ട് നിർമ്മാണം തുടങ്ങിയിട്ടുള്ളത്. തീരത്ത് സ്ഥാപിച്ചിട്ടുള്ള മെർക്കുറി ലാമ്പുകളുടെ പ്രകാശംപോലും ആമകളെ അകറ്റുന്നുവെന്ന് ഞങ്ങളുടെ നിരീക്ഷണത്തിൽ മനസ്സിലായിട്ടുണ്ട്.

റിസോർട്ടുകൾ കടൽത്തീരം ലക്ഷ്യമിടുന്നതിനാൽ അനാവശ്യ വെളിച്ചവും ശല്യപ്പെടുത്തുന്ന തരത്തിലുള്ള റിസോർട്ടുകളുടെ പ്രവർത്തനവും കടലാമകളുടെ പ്രജനന തീരം ഇല്ലാതാക്കും. ഷെഡ്യൂൾ ഒന്നിൽപ്പെട്ട ജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് തകരാറുണ്ടാക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ലായെന്നുള്ള തീരസംരക്ഷണനിയമം, ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമം തുടങ്ങിയവ കാറ്റിൽ പറത്തിക്കൊണ്ടാണ് ഇവിടെ ടൂറിസം റിസോർട്ടിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. പ്രത്യേകിച്ച് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടുകൾ (EIA) തയ്യാറാക്കാതെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

ഈ റിസോർട്ടുകൾ ആവശ്യംവരുന്ന ജലചൂഷണം ഇവിടെ ഉയർത്തുന്ന പരിസ്ഥിതി സാമൂഹ്യ പ്രശ്നങ്ങൾ വേറേയുമായിരിക്കും. കേവലം ഇഞ്ചുകൾ മാത്രം കനത്തിൽ ശുദ്ധജല നിരപ്പുള്ള തീരപ്രദേശത്തെ കിണറുകളിലും പൈപ്പുകളിലും ഉപ്പുവെള്ളം കയറാൻ ഇത് കാരണമാവുകയും ചെയ്യും. കൂടാതെ ഇതിന്റെ തുടർച്ചയായി ഒരുപാട് സ്വകാര്യ കുത്തക കമ്പനികൾ ഈ തീരമേഖലയിൽ മത്സ്യത്തൊഴിലാളികളെ പാലായനം ചെയ്യിക്കാൻ ഉതകുന്ന വിധത്തിൽ തീരപ്രദേശത്തെ ഏക്കർകണക്കിന് ഭൂമി കൈക്കലാക്കികൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് ഈ മേഖലയിൽ ഉണ്ടാക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ ഭീകരവുമായിരിക്കും.

അതുകൊണ്ട് കടലാമ സംരക്ഷണത്തിന് ഭീഷണി ഉയർത്തുന്ന കാസർഗോഡ് ജില്ലയിലെ ഒഴിഞ്ഞവളപ്പിലെ ടൂറിസം റിസോർട്ടിന്റെ നിർമ്മാണം അടിയന്തിരമായും നിർത്തിവെയ്ക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാവണമെന്ന് ബഹുമാനപ്പെട്ട വനംവകുപ്പ് മന്ത്രി അവർകളോട് വിനീതമായി അപേക്ഷിക്കുന്നു.

കൂടാതെ ഈ തീരമേഖലയിൽ നടക്കുന്ന ടൂറിസത്തിന് വേണ്ടിയുള്ള ബിനാമി സ്ഥലമെടുപ്പുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ,

സെക്രട്ടറി, കോസ്റ്റൽ ഇൻഫോർമേഷൻ കൺസർവേഷൻ & ആക്ഷൻ സമിതി, തൈക്കടപ്പുറം (പി.ഒ.), നീലേശ്വരം, കാസർകോട് ജില്ല-671 314.

ബന്ധങ്ങൾക്ക് : പി.വി. സുധീർ. ഫോൺ : 9847766888

## മുല്ലപ്പെരിയാർ – സൗഹൃദാന്തരീക്ഷത്തിനായി സാമൂഹിക പ്രവർത്തകരുടെ ഒത്തുചേരൽ

കോട്ടയം: മുല്ലപ്പെരിയാർ പ്രശ്നത്തിന് ചർച്ചകളിലൂടെ പരിഹാരം കാണാൻ രണ്ട് സംസ്ഥാന സർക്കാരുകൾക്കും കഴിയാതെ പോവുകയും നിയമ നടപടികളിലൂടെ സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാൻ തമിഴ്നാടും അതിനെ നിയമപരമായി നേരിടാൻ കേരളവും തയ്യാറെടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ കേരളത്തിലെയും തമിഴ്നാട്ടിലെയും അമ്പതോളം സാമൂഹിക പ്രവർത്തകർ സൗഹാർദ്ദ നീക്കങ്ങൾക്കായി മധുരയിൽ ഒത്തുചേരുന്നു.

ബന്ധങ്ങൾക്ക് : സണ്ണി പൈകട, കൺവീനർ, ജനാധികാര രാഷ്ട്രീയ സമിതി, 9446234997

## കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക

● മനുഷ്യബോധം എന്ന അത്ഭുതം
മുഖ്യലേഖനം/പഠനം: കെ.എ. ജയശീലൻ
കുറിപ്പ്, പഠനം, നിരീക്ഷണം, അഭിമുഖം, പുസ്തകപരിചയം, ലേഖനം....
ഗസ്റ്റ് എഡിറ്റർ : മുകുന്ദനുണ്ണി

● ആയുർവ്വേദത്തിന്റെ ആരോഗ്യം?
ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്

● സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി

● മഴ - അറിവ്, അനുഭവം
ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ

● കുടുംബം, ലൈംഗികത
ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ

● കൃഷി : വർത്തമാനം, ഭാവി
ഗസ്റ്റ് എഡിറ്റർ : എസ്. ഉഷ